## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 857 28/09/2011 ൽ മറുപടിയ്ക്ക്

# ആദിവാസികൾക്കും പട്ടികവർഗ്ഗക്കാർക്കും ഭൂമി വിതരണം ചെയ്യാൻ നടപടി

ചോദ്യം | മറുപടി

ശ്രീ. എ. എ. അസീസ്

കുമാരി പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ ഇതിനോടകം എത്ര ആദിവാസികൾക്ക് ഭൂമി നൽകി; എവിടെയെല്ലാം; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമപ്രകാരം 3155 കുടുംബങ്ങൾക്കും, ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ള 131 കുടുംബങ്ങൾക്കും, വയനാട് ജില്ലയിൽനിന്നുള്ള 282 കുടുംബങ്ങൾക്കുമായി 413 കുടുംബങ്ങൾക്കും ഭൂമി നൽകിയിട്ടുണ്ട്. വനാവകാശ നിയമപ്രകാരം ഭൂമി നൽകിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം ജില്ല | : | 555 വനാവകാശ രേഖകൾ |
| കൊല്ലം ജില്ല | : | 75 വനാവകാശ രേഖകൾ |
| ഇടുക്കി ജില്ല | : | 2100 വനാവകാശ രേഖകൾ |
| പാലക്കാട് ജില്ല | : | 111 വനാവകാശ രേഖകൾ |
| മലപ്പുറം ജില്ല | : | 47 വനാവകാശ രേഖകൾ |
| വയനാട് ജില്ല | : | 237 വനാവകാശ രേഖകൾ |
| കണ്ണൂർ ജില്ല | : | 30 വനാവകാശ രേഖകൾ |
| **ആകെ** | : | 3155 വനാവകാശ രേഖകൾ |

ഇതു കൂടാതെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആറളം ഫാമിലെ 735 കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയ വിതരണം നടത്തി

| | | | |
|---|---|---|---|
| (ബി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പുതുതായി ഏതെങ്കിലും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ വിശദമാക്കുമോ? | (ബി) | ഉണ്ട്; പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം:- സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 935 അവിവാഹിതരായ |

അമ്മമാരുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് ഭവന നിർമ്മാണത്തിനും തയ്യൽ മെഷീൻ, തയ്യൽ പരിശീലനം, ആട്ട വളർത്തൽ, പെട്ടിക്കട, പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി അനുവദിച്ച 689.08 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. ആറളം ഫാമിലെ ഭൂരഹിതരായ 735 ആദിവാസി കുടുംബങ്ങൾക്ക് പട്ടയ വിതരണം നടത്തി..
3. <u>സൈക്കിൾ വിതരണ പദ്ധതി:-</u> സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 3000/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ വച്ച് 16/09/2011 ൽ നിർവഹിച്ചു. ഈ പദ്ധതിയുടെ ചെലവ് 186.72 ലക്ഷം രൂപയാണ്.
4. <u>ഭവന നിർമ്മാണം</u>:- സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള 2571 വീടുകളിൽ 270 കുടുംബങ്ങളുടെ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.
5. <u>റേഷൻ കാർഡ് വിതരണം:-</u> സംസ്ഥാനത്ത് സ്വന്തമായി റേഷൻ കാർഡില്ലാത്ത 1854 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി.
6. <u>മോഡൽ റസിഡൻഷ്യൽ സ്കൂൾ/ ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തൽ:-</u> 107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 81.39 ലക്ഷം രൂപ ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിന്റെ സംസ്ഥാന തല ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.
7. ജീവനോപാധി പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.
8. പതിമൂന്നാം ധനകാര്യ കമ്മിഷന്റെ ഭാഗമായി പ്രാക്തനഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം, പരിസ്ഥിതി പരിപാലനം, വിദ്യാഭ്യാസം, കുടിവെള്ളം,

| | | | |
|---|---|---|---|
| | | | പോഷകാഹാരം, ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, ഭൂമി വാങ്ങി നൽകൽ എന്നിവയ്ക്കായി 148 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ